"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം -ആശ്രിത നിയമന പദ്ധതി- മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ ശൈലജ പി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.സിദ്ധാർത്ഥ് ടി - യ്ക്ക് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ - നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1639/2022/LSGD    തീയതി,തിരുവനന്തപുരം, 08-07-2022

---

പരാമർശം:-

1. ജി.ഒ. (പി) നം. 12/99/പി & എ ആർ.ഡി തീയതി, 24.05.1999.
2. ശ്രീ.സിദ്ധാർത്ഥ് ടി യുടെ 06.01.2021- ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 22.03.2021 -ലെ PAN/3902/2021-E14(DPനമ്പർ കത്ത്.
4. മലപ്പുറം ജില്ലാ കളക്ടറുടെ 01.03.2022-ലെ DCMPM/6326/2021-A2 നം.കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ ശൈലജ പി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.സിദ്ധാർത്ഥ് ടി സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പരേതയായ ശൈലജ പി യ്ക്ക് 01 വർഷം 01 മാസം 07 ദിവസത്തെ സേവനകാലമുണ്ട്.

2. മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ 01.12.2014 ലാണ് ശൈലജ പി നിര്യാതയാവുന്നത്. അപേക്ഷകനായ ശ്രീ.സിദ്ധാർത്ഥ് ടി പരേതയുടെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 15.12.2001 ആണ്. അപേക്ഷകന് 20 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ SSLC, +2 യോഗ്യത നേടിയിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം ശൈലജ പി യുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 5,50,000/--

രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും മലപ്പുറം ജില്ലാ കളക്ടറും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ ശൈലജ പി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.സിദ്ധാർത്ഥ് ടി യുടെ (നന്മ, തോട്ടത്തിൽ ഹൗസ്, അരിയല്ലൂർ പി.ഒ, മലപ്പുറം - 676312) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) -ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ടി നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിലും പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ ശൈലജ പി യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിൽ, അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

ശ്രീ.സിദ്ധാർത്ഥ് ടി ( നന്മ, തോട്ടത്തിൽ ഹൗസ്, അരിയല്ലൂർ പി.ഒ, മലപ്പുറം - 676312) (തപാൽ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം . (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, മലപ്പുറം .

സെക്രട്ടറി, മൂന്നിയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്, (ഇപിഎ3/47/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Danuja M S**
**Date: 08-07-2022 17:24:15**

സെക്ഷൻ ഓഫീസർ